പ്രിൻസിപ്പാളുടെ കാര്യാലയം,
സർക്കാർ എൻജിനീയറിങ് കോളേജ്,
ശ്രീകൃഷ്ണപുരം.
ഫോൺ:04662 260565

നമ്പർ: GECPKD/1866/2024-C1 തീയതി: 14-10 -2024

## വിജ്ഞാപനം

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിങ് കോളേജിൽ ഒഴിവുള്ള ഒന്നാം വർഷ ബി. ടെക്. സീറ്റുകളിലേക്ക് **22-10-2024** - ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. KEAM 2024 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കു മാത്രമേ ബി. ടെക്. പ്രവേശനത്തിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

കൊണ്ടുവരേണ്ട രേഖകൾ -

- കീം ഡാറ്റ ഷീറ്റ്
- എസ്.എസ്.എൽ.സി. (പകർപ്പ സഹിതം)
- പ്ലസ് ടു സർട്ടിഫിക്കറ്റ് (പകർപ്പ സഹിതം)
- അഡ്മിഷൻ സ്ലിപ് / ടി.സി./ എൻ.ഓ.സി.
- ജാതി/ നോൺ ക്രീമി ലെയർ/ ഇ.ഡബ്ല്യൂ .എസ് തുടങ്ങി സംവരണം (ആനുകൂല്യം) തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
- നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
- ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (കീം പ്രോസ്പെക്ടസ് പ്രകാരം)

പ്രവേശന പരീക്ഷാ കമ്മീഷണർ നൽകിയ മുൻ അലോട്ട്മെന്റുകൾ പ്രകാരം സർക്കാർ/ എയ്ഡഡ്/ഗവ.കോസ്റ്റ് ഷെയറിങ് (എൽ.ബി.എസ്/ ഐ.എച്ച്.ആർ.ഡി./ കേപ്പ് /CCE/SCT) എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ/ഫാർമസി കോഴ്സുകളിൽ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന ബി.ടെക് വിദ്യാർത്ഥികൾ **അഡ്മിഷൻ സ്ലിപ്** നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. നിലവിൽ എവിടെയും അഡ്മിഷൻ എടുത്തിട്ടില്ലാത്തവർ **ടി.സി.** കൊണ്ടുവരേണ്ടതാണ്. മറ്റ് സ്ഥാപനങ്ങളിൽ നിന്നും വരുന്നവർ **എൻ.ഒ.സി** നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന എല്ലാവരും അക്കാദമിക് യോഗ്യത, സംവരണം അഥവാ ഫീസ് ആനുകൂല്യം ബാധകമെങ്കിൽ ബന്ധപ്പെട്ട യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

താല്പര്യമുള്ളവർ **22-10-2024 ന് രാവിലെ 11.00 മണിക്ക്** മുൻപായി നേരിട്ട് വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിദ്യാർത്ഥിക്ക് നേരിട്ടു ഹാജരാവാൻ സാധിക്കാത്ത സാഹചര്യത്തിൽ കീം പ്രോസ്പെക്ടസ് പ്രകാരമുള്ള പ്രോക്സി ഫോം സഹിതം ചുമതലപ്പെട്ടവർക്ക് (പകരക്കാർക്ക്) പങ്കെടുക്കാവുന്നതാണ്.

ബി.ടെക് പ്രവേശനം നേടുന്നവർ സർക്കാർ ഫീസായ ₹9,650/- രൂപയും **(ഡെബിറ്റ് കാർഡ് മുഖേന)** മറ്റ് ഫീസുകളും (PTA/Bus) അന്നേദിവസം തന്നെ അടക്കേണ്ടതാണ്. ഈ സ്ഥാപനത്തിൽ വരുന്ന ഒഴിവുകൾ www.gecskp.ac.in വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. മാത്രമല്ല, വെബ് സൈറ്റിൽ കാണുന്ന ഒഴിവുകൾ കൂടാതെ **22-10-2024** തീയതിക്കുള്ളിൽ വരുന്ന ഒഴിവുകൾ കൂടി നികത്തപ്പെടുന്നതാണ്.

**പ്രിൻസിപ്പാൾ**

സ്വീകർത്താവ്

1. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്
2. വെബ് അഡ്മിൻ
3. നോട്ടീസ് ബോർഡ്
4. എല്ലാ ജീവനക്കാർക്കും (അഡ്മിഷൻ ഡ്യൂട്ടിയിൽ ഉള്ളവർ യഥാസമയം G 314/ CCF ലെത്തി നടപടികൾ പൂർത്തിയാകുന്നതുവരെ സഹകരിക്കേണ്ടതാണ്)
5. പി.ടി.എ

Signed by
K R Remesh Babu
Date: 14-10-2024 10:20:57

| Vacancy as on 14.10.24 | | | |
|---|---|---|---|
| Sl No. | Branch | Vacancy | Category |
| 1 | CSE | 3 | SM-2 & SC-1 |
| 2 | IT | 1 | EZ |
| 3 | ECE | 1 | EZ |
| 4 | EEE | 2 | SM-1 & LA-1 |
| 5 | CE | 1 | SM |
| 6 | ME | 3 | SM-2 & SC-1 |

GOVT. ENGINEERING COLLEGE, SREEKRISHNA
PALAKKAD DT
PIN - 678 633

PRINCIPAL
Govt. Engineering College
Sreekrishnapuram, Mannampatta
Palakkad